# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
## കോട്ടയം–686004

PCK/SAL-F/200/ 27.09.2018

**<u>റബ്ബർ സ്ക്രാപ്പ് (ഒട്ടുപാൽ) വിൽക്കുന്നതിനുള്ള ദർഘാസ് വ്യവസ്ഥകൾ</u>**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറിയിൽ (പഴയ ഫാക്ടറി) വിൽക്കാനായി സൂക്ഷിച്ചിരിക്കുന്ന ഉദ്ദേശം 15 ടൺ റബ്ബർ സ്ക്രാപ്പ് (ഒട്ടുപാൽ) (ഇപ്പോൾ നിലവിലുള്ള അവസ്ഥ ഏതാണോ അതേ അവസ്ഥയിൽ) താഴെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം വില്പന നടത്തുന്നതിനുള്ള ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു.

കൂടാതെ റബ്ബർ സ്ക്രാപ്പ് (ഒട്ടുപാൽ) lot-2 ന്റെ ഡി.ആർ.സി & ഫിസിക്കൽ പാരാമീറ്ററും ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു.

D.R.C.result

| Sl.No. | Sample identification No. | Process Realization (%) |
|---|---|---|
| 1 | Lot-2 | 64.00 % |

Physical Parameters result.

| Sl.No | Parameters | unit | Lot.No.2 | Test Method. |
|---|---|---|---|---|
| 1 | Dirt Content | % by mass | 0.12 | IS.3660(Part-1)-1999 |
| 2 | Volatile Matter | % by mass | 0.37 | IS.3660(Part-2)-1985 |
| 3 | Ash Content | % by mass | 0.60 | IS.3660(Part-3)-1988 |
| 4 | Nitrogen Content | % by mass | 0.27 | IS.3660(Part-10)-2000 |
| 5 | Initial Plasticity. PO | ……… | 30 | IS.3660(Part-11)-1989 |
| 6 | Plasticity Retention Index PRI | ……… | 73 | IS-3660(Part-12)1989 |

**ദർഘാസ് വ്യവസ്ഥകൾ**

1. അംഗീകൃത- രജിസ്ട്രേഡ് റബ്ബർ വ്യാപരികൾക്കും, റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമേ ദർഘാസിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. ദർഘാസ് സമർപ്പിക്കുന്നവർ ഒരു മെട്രിക് ടണ്ണിനുള്ള **(ഇപ്പോൾ നിലവിലുള്ള അവസ്ഥ ഏതാണോ അതേ അവസ്ഥയിൽ)** വിലയാണ് കാണിച്ചിരിക്കേ ത്.
2. ദർഘാസുകൾ നിരതദ്രവ്യമായി പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരിൽ വാങ്ങിയിട്ടുള്ള 25000/ -രൂപ (ഇരുപത്തിയയ്യായിരം മാത്രം) യുടെ ഡിമാന്റ് ഡ്രാഫ്റ്റ്/NEFT (Plantation Corporation of Kerala Ltd, A/C.No. 2964201000048, IFSC:- CNRB 0002964, Canara Bank) വ്യവസ്ഥകളുടെ ഒരു കോപ്പിയിൽ എല്ലാ പേജിലും ഒപ്പ് രേഖപ്പെടുത്തിയത് സഹിതം 3.10.2018 തീയതി രാവിലെ 11.30ന് മുൻപ് **ജനറൽ** മാനേജർ (സി), **പ്ലാന്റേഷൻ കോർപ്പറേഷൻ** ഓഫ് കേരള, ലിമിറ്റഡ്, **കോട്ടയം** എന്ന വിലാസത്തിലോ, pcktendersales@gmail ലിലോ ലഭിച്ചിരിക്കേ താണ്. അന്നേ ദിവസം 11.45 AM ന് ദർഘാസുകൾ തുറക്കുന്നതായിരിക്കും.
3. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി** കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറിയിൽ പോയി റബ്ബർ സ്ക്രാപ്പിന്റെ ഗുണനിലവാരവും **അവസ്ഥയും** നേരിട്ട് ക ് ബോദ്ധ്യപ്പെട്ടിരിക്കേ താണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ല.
4. റബ്ബർ സ്ക്രാപ്പിന്റെ വിൽപ്പന **ഇപ്പോൾ നിലവിലുള്ള അവസ്ഥയുടെ** അടിസ്ഥാനത്തിൽ ആയിരിക്കും. **ദർഘാസ് ഉറപ്പിച്ചു കിട്ടുന്ന വ്യക്തികൾ** മുൻകൂറായി പണം ഹെഡ്ഓഫീസിൽ അടച്ച് ഡി.ഒ. വാങ്ങുന്നതിനുസരിച്ച് ഫാക്ടറിയിൽ നിന്നും റബ്ബർ സ്ക്രാപ്പ് കയറ്റികൊ ുപോകുന്നതിന് അനുവാദം നൽകുന്നതാണ്.

5. **ദർഘാസ് ഉറപ്പിച്ച് കിട്ടുന്ന വ്യക്തികൾ ദർഘാസിൽ പറഞ്ഞിരിക്കുന്ന തൂക്കത്തിന്റെ വിലയുടെ 20% വരുന്നതുക തൊട്ടടുത്ത 3 പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ അഡ്വാൻസായി കെട്ടിവയ്ക്കേ താണ്. പ്രസ്തുത തുക ഏറ്റവും അവസാനം എടുക്കുന്ന ലോഡിന്റെ വിലയിൽ വക കൊള്ളിച്ച് നൽകുന്നതാണ്. ഇപ്രകാരം തുക അടക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ദർഘാസ് ക്യാൻസൽ ചെയ്ത് ഇ.എം.ഡി. തുകയായ 25,000/- രൂപ കോർപ്പറേഷനിലേക്ക് മുതൽകൂട്ടുന്നതായിരിക്കും.**

6. ദർഘാസ് ഉറപ്പിച്ച ദിവസം മുതൽ 20 ദിവസം വരെ പലിശ രഹിതമായും തുടർന്ന് പരമാവധി 15 ദിവസം 25% പലിശ**യും** സഹിതം തുക അടക്കാവുന്നതാണ്. തുടർന്നും തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് നടത്തുന്നതും തന്മൂലം ഉ ാകാവുന്നതായ ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാ**ക്കിയെടു**ക്കുന്നതിന് കോർപ്പറേഷന് അവകാശമു ായിരിക്കുന്നതുമാണ്

7. **ദർഘാസ് ഉറപ്പിച്ച് കിട്ടുന്ന വ്യക്തികൾ ദർഘാസിൽ പറഞ്ഞിരിക്കുന്ന തൂക്കത്തിന്റെ വിലയുടെ** 10% രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി **അടുത്തുവരുന്ന** 3 **പ്രവൃത്തിദിവസത്തിനുള്ളിൽ** കെട്ടിവയ്ക്കേ താണ്. ദർഘാസ് ഉറപ്പിച്ചുകിട്ടുന്ന **വ്യക്തികൾ** മുഴുവൻ **തുകയും** അടച്ച് തനിക്ക് ഉറപ്പിച്ചുതന്നിട്ടുള്ള റബ്ബർ സ്ക്രാപ്പ് മുഴുവൻ കയറ്റികൊ ു പോയി കരാർ തൃപ്തികരമായി പൂർത്തികരിച്ച **ശേഷം** ടിയാളുടെ പേരിൽ മറ്റു ബാദ്ധ്യതകൾ ഒന്നും ഇല്ല എന്നുള്ള ഫാക്ടറി അസി. മാനേജരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15 ദിവസങ്ങൾക്കുശേഷം ടിയാളുടെ

സെക്യൂരിറ്റി തുക **പലിശ രഹിതമായി** തിരികെ നൽകുന്നതാണ്. നിരതദ്രവ്യം, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവയ്ക്ക് പലിശ നൽകുന്നതല്ല.

8. ദർഘാസ് അംഗീകരിച്ച് 15 ദിവസം വരെ അംഗീകരിച്ച നിരക്ക് പ്രാബല്യത്തിൽ ഇരിക്കുന്നതും അതിനു ശേഷം പണം അടയ്ക്കുന്ന ദിവസ**ത്തെ ഐ.എസ്.എൻ.ആർ. 20-യുടെ** വിലയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് വർദ്ധിപ്പി**ച്ച നിരക്കിൽ തുക** ഈടാക്കുന്നതുമാണ് **ഐ.എസ്.എൻ.ആർ. 20-യുടെ** വിലയിൽ വർദ്ധനവ് ഇല്ലെങ്കി**ലോ/ കുറവോ സംഭവിച്ചാൽ** അംഗീകരിച്ച നിരക്കിൽ **തന്നെയുള്ള തുക** ഈടാക്കുന്നതുമാണ്.

9. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

10. ദർഘാസിൽ പങ്കെടുത്ത് വില എഴുതിയതിനുശേഷം കരാറുകരാൻ സ്വമേധയാ അതിൽ നിന്നും പിൻമാറുവാൻ പാടുള്ളതല്ല.

11. കരാറുകാരൻ ബില്ലുകൾ പ്രകാരം ഏതെങ്കിലും തുക കോർപ്പറേഷനിലേക്ക് അടയ്ക്കുവാനുണ്ടെങ്കിൽ ആയത് ഒറിജനൽ ബില്ല് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കോർപ്പറേഷനിൽ അടയ്ക്കേണ്ടതും ആയതിന് വീഴ്ച വരുത്തിയാൽ ടി തുക 25% പലിശ സഹിതം ഈടാക്കിയെടുക്കുന്നതി**നും കൂടാതെ, സെക്യൂരിറ്റി അഡ്വാൻസ് തുകകൾ കണ്ടു കെട്ടി മുതൽ കൂട്ടുന്നതിനും** കോർപ്പറേഷന് **അവകാശവും** അധികാരവുമുണ്ടായിരിക്കുന്നതുമാണ്.

12. അതാതു കാലത്ത് **ബാധകമായ എല്ലാ** നികുതികളും അടയ് **ക്കുന്നതിനു** കരാറുകാരൻ **ബാധ്യസ്ഥനായിരിക്കുന്നതാണ്.**

13. ഈ വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ ആയത് കോട്ടയം അധികാരാതിർത്തിയുള്ളതായ കോടതി **കളുടെ** പരിധിയിലായിരിക്കും.

14.് യുക്തമെന്ന് തോന്നുന്ന പക്ഷം എപ്പോൾ വേണമെങ്കിലും യാതൊരു കാരണവും കൂടാതെ ഈ ടെണ്ടർ നടപടികൾ നിർത്തി വയ്ക്കുന്നതിനോ വേണ്ടന്നുവയ്ക്കുന്നതിനോ കോർപ്പറേഷന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതണ്.

15. അപ്രകാരം ടെണ്ടർ നിർത്തിവയ്ക്കുകയോ വേണ്ടന്നുവയ്ക്കുകയോ ചെയ്യുന്ന**തുമൂലമു**ണ്ടാകാവുന്ന അസൗകര്യങ്ങൾക്ക് യാതൊരുവിധ നഷ്ടപരിഹാരത്തിനും കോൺട്രാക്ട്രർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

16 ദർഘാസിൽ പങ്കെടുക്കുന്നവർ **ഇപ്പോഴത്തെ** മേൽവിലാസവും, PAN CARD/ AADHAAR **എന്നിവയുടെ** സാക്ഷ്യപ്പെടുത്തിയ **പകർപ്പുകൾകൂടി** ഹാജരാക്കേണ്ടതാണ്.

17 ടെണ്ടർ തുറക്കുന്ന ദിവസം എതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിനു കഴിയാതെവന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ അതേ സ്ഥലത്തും സമയത്തും തന്നെ ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും.

കോട്ടയം **ജനറൽ മാനേജർ (സി)i/c**

**27.9.2018**

മേൽവ്യവസ്ഥകൾ വായിച്ച് ബോദ്ധ്യപ്പെട്ട് സമ്മതിച്ചിരിക്കുന്നു

ദർഘാസിൽ പങ്കെടുക്കുന്ന ആളിന്റെ പേരും ഒപ്പും

മേൽവിലാസവും, കര, വില്ലേജ്, താലൂക്ക ്, ജില്ല.